**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1406** — **30-08-2022 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ കിഫ്ബി വഴി പുതിയ കെട്ടിട നിർമാണത്തിന് അനുമതി നൽകിയ മറ്റത്തിൽ ഭാഗം എൽ. പി. സ്കൂൾ, പെരുമ്പളം എച്ച്. എസ്., തേവർവട്ടം എച്ച്. എസ്. എന്നീ സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത ഏജൻസി കൃത്യമായി പ്രവൃത്തികൾ നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | അരൂർ മണ്ഡലത്തിൽ 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി അനുമതി നൽകിയ മറ്റത്തിൽ ഭാഗം എൽ.പി സ്കൂളിന് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. പുതുക്കിയ ഡി.എസ്.ആർ / ജി.എസ്.റ്റിനിരക്ക് പ്രകാരം 1.30ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതാണെന്ന് എസ്.പി.വിയായ കില അറിയിച്ചിട്ടുണ്ട്.<br><br>1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട പെരുമ്പളം എച്ച്.എസ്.എസ്, തേവർവട്ടം എച്ച്.എസ് എന്നീ സ്കൂളുകളുടെ നിർമ്മാണപ്രവൃത്തികൾ ടെണ്ടർ ചെയ്തിരുന്നെങ്കിലും കിഫ്ബി യുടെ അംഗീകാരം ലഭിക്കാത്തതിനാൽ എഗ്രിമെന്റ് വയ്ക്കാൻ സാധിച്ചിരുന്നില്ല. പുതുക്കിയ ഡി.എസ്.ആർ / ജി.എസ്.റ്റി നിരക്ക് പ്രകാരം 1.30ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. soil test നടത്തി റിസൽട്ട് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകിക്കൊണ്ട് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് കില അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ